MONDAY 14-03-2022 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-14/03/2022.

1. കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലെ ഹൈ-ടെക് നഴ്സറിയിൽ നിന്നും നാഗപതിവയ്ക്കൽ രീതിയിൽ വേര് പിടിപ്പിച്ച അത്യുത്പാദനശേഷിയുള്ള **പന്നിയൂർ, വിജയ്, കരിമുണ്ട** എന്നീ ഇനങ്ങളിലുള്ള കുരുമുളകിൻ തൈകൾ തൈ ഒന്നിന് 25 രൂപ നിരക്കിൽ ഇൻസ്ട്രക്ഷണൽ ഫാം ഓഫീസിൽ നിന്നും ലഭ്യമാണ്.

2. കണ്ണൂർ ജില്ലാ ക്ഷീര കർഷക സംഗമം പേരൂൽ ക്ഷീര സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ ഈ മാസം 18,19 (മാർച്ച് 18,19) തീയതികളിൽ പയ്യന്നൂരിൽ വച്ച് നടത്തുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്ന ക്ഷീര സംഗമത്തോനടുബന്ധിച്ച് കിടാരി പാർക്ക് ഉദ്ഘാടനം, ക്ഷീര വികസന സെമിനാർ, എക്സിബിഷൻ, ക്ഷീര കർഷകരെ ആദരിക്കൽ, ശിൽപശാല തുടങ്ങിയവ സംഘടിപ്പിച്ചിരിക്കുന്നു.

3. കേരള കാർഷിക സർവകലാശാല വെള്ളാനിക്കര ബയോടെക്നോളജി ഡിപ്പാർട്ട്മെന്റിൽ ടിഷ്യൂ കൾച്ചർ വാഴതൈകൾ വില്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9048178101, 9745884964** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങൾ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ലഭ്യമാണ്. താൽപര്യമുള്ളവർ **0479 – 2452277, 9495805541** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.ടി.)-ൽ ലഭ്യമായിട്ടുള്ള മെഷീനറികൾ, ടെസ്റ്റിങ് ഉപകരണങ്ങൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് റബ്ബർബോർഡ് അവസരം നൽകുന്നു. വ്യവസായസ്ഥാപനങ്ങളിൽനിന്ന് സാക്ഷ്യപ്പെടുത്തിയവർക്കും പുതിയ വ്യവസായങ്ങളിൽ ഏർപ്പെടാൻ താൽപര്യവും കഴിവും ഉള്ളവരുമായ വ്യക്തികൾക്കും അവരുടെ ഉത്പന്നങ്ങളുടെ വികസനവും പരിശോധനകളുമായി ബന്ധപ്പെട്ട് സ്വന്തമായി പ്രോട്ടോടൈപ്പുകളും സാമ്പിളുകളും ഉണ്ടാക്കുന്നതിനുള്ള പരീക്ഷണങ്ങൾക്ക് മിതമായ നിരക്കിൽ ഈ സൗകര്യം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉപയോഗിക്കാൻ കഴിയും. വിദ്യാർത്ഥികൾ, സംരംഭകർ, ഗവേഷകർ തുടങ്ങിയവർക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താം. കൂടുതൽ വിവരങ്ങൾക്ക് **0481 – 2353325** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന എ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാം.

6. നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ജല ഉപയോഗക്ഷമത വർദ്ധിപ്പിക്കുക, ഉയർന്ന ഉത്പാദനം ഉറപ്പുവരുത്തുക, ജലസേചനത്തോടൊപ്പം വളപ്രയോഗം നടപ്പിലാക്കുക, കർഷകരുടെ വരുമാനം ഉയർത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കൃഷിവകുപ്പ് നടപ്പിലാക്കുന്ന പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിയിലൂടെ **സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ കൃഷിയിടങ്ങളിൽ സബ്സിഡിയോടു** കൂടി സ്ഥാപിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു. ഈ പദ്ധതിയിലൂടെ ഡ്രിപ്പ്, സ്പ്രിംഗ്ളർ എന്നീ ആധുനിക ജലസേചന രീതികളുടെ ഗുണഭോക്താക്കളാകുവാൻ കർഷകർക്ക് അവസരം ലഭിക്കുന്നു. ചെറുകിട നാമമാത്ര കർഷർക്ക് പദ്ധതി ചെലവിന്റെ അനുവദനീയ തുകയുടെ 80 ശതമാനവും മറ്റുളള കർഷകർക്ക് 70 ശതമാനവും പദ്ധതി നിബന്ധനകളോടെ ധനസഹായമായി ലഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

7. കേരള കാർഷിക സർവ്വകലാശാല ഇ -പഠന കേന്ദ്രം "ജൈവ ജീവാണു വളങ്ങൾ" എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടി മാർച്ച് 21 ന് തുടങ്ങുന്നു. 24 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഈ മാസം 20 (മാർച്ച് 20) ആണ്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **9497353389, 9567190858, 7559070461** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

8. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **16 ന് ടർക്കി വളർത്തൽ, 22 ന് താറാവു വളർത്തൽ, 24 ന് തീറ്റപ്പുൽക്കൃഷി** എന്നീ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471– 2732918** എന്ന നമ്പരിൽ പ്രവൃത്തി ദിവസങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

**പരിപാലന നിർദ്ദേശങ്ങൾ**

9. അത്യുഷ്ണത്തിൽ നിന്നും പശുക്കളെ സംരക്ഷിക്കുന്നതിനായി തൊഴുത്ത് നിർമ്മിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഇനി പറയുന്നു

കന്നുകാലിതൊഴുത്തിന്റെ മേൽക്കൂരയിൽ ഓല, വൈക്കോൽ, ചാക്ക് എന്നിവ ഇട്ടുകൊടുക്കുന്നതും മേൽക്കൂരയ്ക്ക് താഴെ താൽക്കാലിക തട്ട് അടിയ്ക്കുന്നതും, മേൽക്കൂര ഇടവിട്ട് നനച്ചുകൊടുക്കുന്നതും, തൊഴുത്തിനുള്ളിലെ ചൂട് കുറയ്ക്കുന്നതിന് സഹായിക്കും. തൊഴുത്തിനു ചുറ്റും തണൽമരങ്ങൾ നട്ടു പിടിപ്പിച്ചും തൊഴുത്തിന്റെ വശങ്ങൾ തുറന്നുവയ്ച്ചും തൊഴുത്തിലെ ചൂട് കുറയ്ക്കാം. സൂര്യപ്രകാശം നേരിട്ട് തൊഴുത്തിനുള്ളിൽ വീഴാതിരിക്കുവാൻ മേൽക്കൂരയുടെ ചായ്‌വ് 3 അടിവരെ നീട്ടിക്കൊടുക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം